ഒന്നുതന്നെയായിരുന്നു. എന്നാൽ, കേരള സാഹിത്യ അക്കാദമിയുടെ ഫെല്ലോഷിപ്പ് വളരെ വൈകി വന്ന ഒരംഗീകരണമായേ അദ്ദേഹത്തിനു തോന്നിയുള്ളു. കേരള സർവകലാശാല ഒരു ബഹുമതിബിരുദം അദ്ദേഹത്തിനു നൽകുന്നതിനു തീരുമാനിച്ചതായി കേട്ടിരുന്നു. മരണാനന്തര ബിരുദദാനം സർവകലാശാലകളുടെ ഒരു സാധാരണ നടപടിയല്ലാത്തതിനാൽ, മുണ്ടശ്ശേരിയെ ബഹുമാനിക്കുന്നതിലൂടെ സ്വയം ബഹുമാനിതമാവുന്നതിനുള്ള അവസരം സർവകലാശാലയ്ക്കു നഷ്ടപ്പെട്ടിരിക്കുന്നു.

വിപുലമാണ് മുണ്ടശ്ശേരിയുടെ സുഹൃദ്വലയം. പ്രായവും ലോകപരിചയവും പാണ്ഡിത്യവും എത്ര കുറഞ്ഞവരെക്കൂടി സമശീർഷരായി കണക്കാക്കാനും, അവരുമായി സൈദ്ധാന്തിക–പ്രായോഗികതലങ്ങളിൽ ചർച്ചകൾ നടത്താനും അദ്ദേഹത്തിനു കഴിവും താല്പര്യവുമുണ്ടായിരുന്നു. അഭിപ്രായഭേദങ്ങളെ കാലുഷ്യം കൂടാതെ കണക്കിലെടുക്കാൻ മുണ്ടശ്ശേരിക്കു കഴിഞ്ഞിരുന്നു എന്നതു്, അദ്ദേഹവുമായി വിയോജിക്കേണ്ടിവന്നിട്ടുള്ള പലരും നന്ദിപൂർവം സ്മരിക്കാതിരിക്കുകയില്ല.

മൂന്നു് ദശാബ്ദത്തിലേറെക്കാലം മുണ്ടശ്ശേരി മാസ്റ്ററുമായി പല നിലകളിൽ അടുത്തു പെരുമാറുന്നതിനു് എനിക്കു് അവസരമുണ്ടായിട്ടുണ്ടു്. അദ്ദേഹം അദ്ധ്യക്ഷനായിരുന്ന കൊച്ചി അദ്ധ്യാപക സംഘടനയുടെ സെക്രട്ടറിയായി മൂന്നു വർഷത്തോളം ഞാൻ പ്രവർത്തിക്കുകയുണ്ടായി. അദ്ധ്യാപകരെ സംഘടിപ്പിക്കുന്നതിനും, പൗരാവകാശങ്ങളെ സംബന്ധിച്ച ബോധം അദ്ധ്യാപകരിൽ ഉണർത്തുന്നതിനുമുള്ള പരിശ്രമത്തിൽ അദ്ദേഹവുമൊന്നിച്ചു് പ്രവർത്തിക്കുന്നതിനു് ഈ ബന്ധം എനിക്കു് ഉപകരിച്ചു. അന്നത്തെ കൊച്ചി എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് അസോസിയേഷന്റെ സെക്രട്ടറിയായിരുന്ന ശ്രീ പി. ജെ. കുഞ്ഞുവറിയതാണു് ഈ സന്ദർഭത്തിൽ സ്മരണീയനായ മറെറാരു വ്യക്തി. കോളേജദ്ധ്യാപകനായിരുന്ന മുണ്ടശ്ശേരി മാസ്റ്ററെ അദ്ധ്യാപക പ്രസ്ഥാനത്തിലേക്കു് ഇറക്കിക്കൊണ്ടു വന്നതിന്റെ ഉത്തരവാദിത്തം മുഖ്യമായും ശ്രീ കുഞ്ഞുവറിയതിന്റേതാണു്. പില്ക്കാലത്തെ എന്റെ പത്രപ്രവർത്തനജീവിതത്തിലും മുണ്ടശ്ശേരി മാസ്റ്ററുടെ ഉദാരമായ സഹകരണം എനിക്കു ലഭിക്കുകയുണ്ടായി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേണിങ് ബോഡിയിൽ അംഗമെന്ന നിലയിൽ ആ സ്ഥാപനത്തിന്റെ ലക്ഷ്യവും പ്രവർത്തനശൈലിയും നിർണയിക്കുന്നതിലും, അതിലെ പ്രവർത്തകരെ തെരഞ്ഞെടുക്കുന്നതിലും അദ്ദേഹം നൽകിയ സഹായ സഹകരണങ്ങൾ, എന്നെ സംബന്ധിച്ചിടത്തോളം, വിലമതിക്കാനാവാത്തവയായിരുന്നു. പ്രകടമായി വിയോജിക്കേണ്ടി വന്ന സന്ദർഭങ്ങളിൽപ്പോലും ഒരു ജ്യേഷ്ഠസഹോദരന്റെ സ്നേഹവാത്സല്യങ്ങൾ അദ്ദേഹത്തിൽനിന്നു് എന്നും എനിക്കു ലഭിച്ചിട്ടുണ്ടു്.

ആ മഹാപ്രതിഭന്റെ സ്മരണയ്ക്കു മുമ്പിൽ എന്റെ ആദരാഞ്ജലികൾ.

1977

# 77. എ. ടി. കോവൂർ

അന്ധവിശ്വാസങ്ങൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ സമരം ചെയ്യുക ജീവിതവ്രതമാക്കിയിരുന്ന പ്രഫസർ അബ്രഹാം തോമസ് കോവൂർ 1978 സെപ്റ്റംബർ 17-ാം തീയതി ശ്രീലങ്കയിലെ കൊളംബോ നഗരത്തിൽ വെച്ചു് ഹൃദ്രോഗംമൂലം നിര്യാതനായി. മരിക്കുമ്പോൾ അദ്ദേഹത്തിനു് എൺപത്തിരണ്ടു വയസ്സു് പ്രായമുണ്ടായിരുന്നു. ഒരാഴ്ച മുമ്പുവരെ അദ്ദേഹം തന്നത്താൻ കാറോടിച്ചു സഞ്ചരിച്ചിരുന്നതായി പത്രങ്ങൾ റിപ്പോർട്ടു

ചെയ്തിട്ടുണ്ട്. മനസ്സിനും ശരീരത്തിനും പൂർണമായ ആരോഗ്യത്തോടെ അദ്ദേഹം ജീവിതത്തിൽനിന്നു വിടവാങ്ങി. മനസ്സിൽനിന്നും ശരീരത്തിൽനിന്നും വ്യതിരിക്തമായി മനുഷ്യനു് ഒരാത്മാവുണ്ടെന്നു് കോവൂർ വിശ്വസിച്ചിരുന്നില്ല. തന്റെ ശരീരം കൊളംബോവിലെ മെഡിക്കൽ കോളേജിനു നൽകണമെന്നു്, മരണത്തിനു മുമ്പു്, അദ്ദേഹം നിർദേശിച്ചിരുന്നു. നേത്രബാങ്കിനു നൽകപ്പെട്ട അദ്ദേഹത്തിന്റെ കണ്ണുകളിലെ സ്വച്ഛമണ്ഡലങ്ങൾ (കോർണിയകൾ) വേർതിരിച്ചെടുത്തു സൂക്ഷിക്കും; ഏതെങ്കിലും നേത്രരോഗിക്കു് കുറെക്കാലത്തേക്കുകൂടി കാഴ്ചശക്തി ലഭ്യമാക്കുന്നതിനു് അവ ഉപകരിക്കുകയും ചെയ്യും. വീടും കുടിയും പേരും മേൽവിലാസവുമില്ലാത്ത അനാഥരടേതുൾപ്പെടെ മററു പല മൃതശരീരങ്ങളുടെയും കൂടെ പ്രഫസർ കോവൂരിന്റെ ശവത്തെയും വൈദ്യവിദ്യാർത്ഥികൾ പ്രത്യക്ഷ ശാരീരപഠനത്തിനു് ഒരു വർഷക്കാലം ഉപയോഗപ്പെടുത്തും. പിന്നീടു് അവശേഷിക്കുന്ന അസ്ഥികൾ കെട്ടിയിണക്കി നിർമിച്ച അസ്ഥിപഞ്ജരം, അദ്ദേഹം സസ്യശാസ്ത്രാധ്യാപകനായി സേവനമനുഷ്ഠിച്ചിരുന്ന കൊളംബോവിലെ കോളേജിലെ ലാബറട്ടറിയിൽ, വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി സൂക്ഷിക്കപ്പെടും.

1959 ജൂൺ 29-ാം തീയതി കൊളംബോവിലുള്ള അദ്ദേഹത്തിന്റെ വസതിയിൽച്ചെന്നു് കോവൂരിനേയും പത്നിയേയും ഞാൻ സന്ദർശിക്കുകയുണ്ടായി. അന്നു നടന്ന കൊളംബോവിലെ മലയാളികളുടെ ഒരു യോഗത്തിൽ അദ്ദേഹം അധ്യക്ഷനായിരുന്നു എന്നാണു് ഓർമ. കേരളത്തിൽ വിമോചനസമരം നടക്കുന്ന കാലമായിരുന്നല്ലോ അതു്. കേരളത്തിലെ രാഷ്ട്രീയസ്ഥിതിഗതികളെപ്പററി ഞാൻ സംസാരിക്കുന്നതു കേൾക്കാനാണു് ഈ യോഗം സംഘടിപ്പിക്കപ്പെട്ടിരുന്നതു്.

തിരുവല്ലായിൽ ജനിക്കുകയും കോഴഞ്ചേരി ഹൈസ്കൂളിലും കോട്ടയം സി. എം. എസ്. കോളേജിലും അദ്ധ്യാപകനായി പ്രവർത്തിക്കുകയും ചെയ്തുവെങ്കിലും പ്രഫസർ കോവൂർ അന്നു് കേരളത്തിൽ വളരെയൊന്നും പ്രസിദ്ധനായിരുന്നില്ല. 1928-ൽ ശ്രീലങ്കയിലെത്തിച്ചേർന്ന അദ്ദേഹം, ശ്രീലങ്ക സ്വതന്ത്രയായതിനെത്തുടർന്നു് അവിടത്തെ പൗരത്വം നേടിയിരുന്നു ഞാൻ കാണുന്ന സമയത്തു് അദ്ദേഹം കൊളംബോവിലെ ഒരു കോളേജിൽ സസ്യശാസ്ത്രപ്രഫസ്സറായിരുന്നു. ഏതാനും മാസത്തിനു ശേഷമാണു് അദ്ദേഹം റിട്ടയർ ചെയ്തതു്.

പ്രസിദ്ധനായിരുന്ന ഒരു കത്തനാരുടെ മകനായി പിറന്നിട്ടും, കോവൂർ, തനിക്കു ലഭിച്ച ശാസ്ത്രവിദ്യാഭ്യാസം മതപരമായ വിശ്വാസങ്ങളെ പരിശോധിച്ചു സത്യം നിർണയിക്കുന്നതിനു് തികച്ചും പ്രയോജനപ്പെടുത്തി. ഇതു് അദ്ദേഹത്തെ നാസ്തികതയിലേക്കും അനാത്മവാദത്തിലേക്കും നയിച്ചു. ബർട്രൻഡ് റസ്സൽ, ജൂലിയൻ ഹക്സ്ലി മുതലായ ലോകപ്രശസ്തരായ സമകാല നാസ്തികരുമായി അദ്ദേഹം സുഹൃദ്ബന്ധം സ്ഥാപിക്കുകയും ചെയ്തു.

ശ്രീലങ്കയിൽ ഏററവും പ്രചാരത്തിലുള്ള മതം ബുദ്ധമതത്തിലെ ഒരു വിഭാഗമായ ഹീനയാനമാണു്. മതങ്ങളിൽ താരതമ്യേന യുക്തിഭദ്രത ഹീനയാനത്തിനു് അവകാശപ്പെടാം. ബുദ്ധൻ അനാത്മവാദിയായിരുന്നുതാനും. എങ്കിലും, അന്ധവിശ്വാസങ്ങളുടെ കാര്യത്തിൽ ശ്രീലങ്കയിലെ ബുദ്ധമതം ഇന്ത്യയിലെ ഹിന്ദുമതത്തിൽനിന്നു വളരെയൊന്നും വ്യത്യസ്തമല്ല. മന്ത്രവാദം, ആഭിചാരം മുതലായവയ്ക്കു് ഇന്ത്യയിലുള്ളതിൽ കൂടുതൽ പ്രചാരം ശ്രീലങ്കയിലുണ്ടെന്നു പറയാം.

ശ്രീലങ്കയിൽ ഒരു യുക്തിവാദിസംഘം സ്ഥാപിച്ചതുകൊണ്ടോ, 'സിലോൺ റാഷനലിസ്റ്റ് അംബാസഡർ' എന്ന മാസിക മുടങ്ങാതെ നടത്തിയതുകൊണ്ടോ മാത്രം തന്റെ ചുമതല ഒടുങ്ങിയതായി പ്രഫസർ

കോവൂർ കരുതിയില്ല. മന്ത്രവാദികളെ അദ്ദേഹം വെല്ലുവിളിച്ചു. പ്രേത ബാധയുണ്ടെന്നു് പറയപ്പെടുന്ന സ്ഥലങ്ങളും സന്ദർശിച്ചു്, അവിടെ നട ക്കുന്ന അസാധാരണസംഭവങ്ങളുടെ ചെമ്പു തെളിയിച്ചു. മനഃശാസ്ത്ര ത്തിലുള്ള അഗാധമായ പരിജ്ഞാനവും ഹിപ്നോട്ടിസം പ്രയോഗിക്കുന്ന തിലുള്ള കഴിവും ഇതിൽ അദ്ദേഹത്തിനു് പരമാവധി ഉപകരിച്ചു. പ്രേത ബാധയും ചാത്തന്റെ ഉപദ്രവവുമൊക്കെ മിക്കവാറും ലഘു മനോരോഗങ്ങ ളുടെ ഫലമാണെന്നു് അദ്ദേഹം സംശയത്തിനതീതമാംവിധം തെളിയി ച്ചു. അമേരിക്കയിൽനിന്നു് ഒരു പിഎച്ച്.ഡി. ബഹുമതിബിരുദം കിട്ടുന്നതിനു മുമ്പുതന്നെ ശ്രീലങ്കക്കാർക്കു് അദ്ദേഹം 'ഡോക്ടർ'—മനോ രോഗ ചികിത്സകൻ—ആയിക്കഴിഞ്ഞിരുന്നു.

കോവൂരിന്റെ ലേഖനങ്ങളധികവും കേസ് ഡയറികളെ ആസ്പദിച്ചു ള്ളവയാണു്. ശാസ്ത്രീയ നിരീക്ഷണങ്ങളിലൂടെ അസാധാരണ പ്രതിഭാസ ങ്ങളുടെ യാഥാർത്ഥ്യം കണ്ടെത്തിയതിന്റെ സത്യസന്ധവും വിശദവുമായ വിവരണങ്ങളാണവ.

അതീന്ദ്രിയാനുഭവങ്ങളെ (ഇ.എസ്.പി.) പ്പററിയുള്ള പഠനം 1950–ക ളിൽ പാശ്ചാത്യദേശങ്ങളിൽ ഒരു ഫാഷനായിത്തീർന്നിരുന്നു. അമേരിക്ക യിലെ ഡ്യൂക്ക് യൂണിവേഴ്സിററി ഇതിനു് ഒരു ഫാക്കൽററിതന്നെ ഉണ്ടാ ക്കി. ഇന്ത്യയിലും ചില സർവകലാശാലകൾ പുനർജന്മം മുതലായ വി ശ്വാസങ്ങളെ 'ശാസ്ത്രീയ'മായി തെളിയിക്കാൻ മുന്നോട്ടു വന്നു. സാധാ രണ ജനങ്ങളുടെ അന്ധവിശ്വാസങ്ങളെക്കാൾ എത്രയോ ആപത്ക്കരങ്ങ ളായ ഈ മിഥ്യാശാസ്ത്രജ്ഞരുടെ പ്രവർത്തനത്തെ ധീരമായി വെല്ലുവിളി ക്കാൻ കോവൂർ മുന്നോട്ടുവന്നു. ആത്മാവുണ്ടെന്നു ശാസ്ത്രീയമായി തെളിയി ക്കുന്നവർക്കു് ഒരു ലക്ഷം രൂപ കൊടുക്കാമെന്ന അദ്ദേഹത്തിന്റെ പ്രഖ്യാപ നം പ്രസിദ്ധമാണല്ലോ. ഈ വെല്ലുവിളി ഏററെടുക്കാൻ ഒരു ആത്മവാദി യും തയ്യാറായില്ല.

താരതമ്യേന ദുർബലരായ പ്രേതങ്ങളുടെയും ദുർമൂർത്തികളുടെയും സത്യാവസ്ഥ തുറന്നുകാട്ടിയിരുന്ന കാലത്തു് കോവൂരിനെ സ്വല്പം 'വട്ടു്' ആയ ഒരു പ്രഫസർ എന്നു മാത്രമേ പലരും കണക്കാക്കിയുള്ളു. എന്നാൽ, സായിബാബപോലെ, സമുദായത്തിലെ മേൽക്കിടക്കാർക്കു് ആരാധ്യന്മാ രായ ദിവ്യന്മാരെത്തന്നെ അദ്ദേഹം തൊലിയുരിച്ചുകാട്ടാൻ തുടങ്ങിയ പ്പോൾ, പലർക്കും ഈ പ്രഫസറോടു് അടക്കിയാലടങ്ങാത്ത അമർഷം തോന്നി. മനഃശാസ്ത്രജ്ഞനെന്നപോലെ മായാജാലപ്രദർശനവിദഗ്ദ്ധൻ കൂടിയായിരുന്ന കോവൂർ, സായിബാബ കാട്ടുന്ന അത്ഭുതങ്ങളെല്ലാം തുറന്ന രംഗവേദിയിൽ പലേടത്തും കാണിച്ചു. ഏതാനും വർഷങ്ങൾക്കു മുമ്പു്, സായിബാബയെ വെല്ലുവിളിച്ചുകൊണ്ടു് ദക്ഷിണേന്ത്യയിൽ അദ്ദേഹം നടത്തിയ ജൈത്രയാത്ര വളരെയധികം ജനശ്രദ്ധയാകർഷിച്ചു.

എങ്കിലും, മതപരമായ അന്ധവിശ്വാസങ്ങൾക്കു് വലിയ ശമനമൊ ന്നും പിന്നീടും ഉണ്ടായതായി കാണുന്നില്ല. കോവൂരിന്റെ വെല്ലുവിളി സ്വീകരിക്കാൻ കൂട്ടാക്കാതിരുന്ന സായിബാവ ഇന്നും അധൃഷ്യനായി, അപ്രതിമനായി, 'ഭഗവാ'നായിത്തന്നെ നിലകൊള്ളുന്നു. മാത്രമല്ല, ദിവ്യതയുടെ ദീപോജ്ജ്വലമായ രംഗമണ്ഡപത്തിലേക്കു് നിത്യേനയെന്ന പോലെ വലിയവരും ചെറിയവരുമായ വേറെയും എത്രയോപേർ തള്ളി ക്കയറിവരുന്നു. മണ്ണിനടിയിൽനിന്നു് പുത്തൻ ദൈവങ്ങൾ കിളർന്നു പൊന്തുന്നു. വഴിവക്കുകളിൽ പുതിയ പുതിയ ആരാധനാകേന്ദ്രങ്ങൾ ആവിർഭവിക്കുന്നു. പള്ളികളിലും ക്ഷേത്രങ്ങളിലും പണം കുമിഞ്ഞുകൂടുന്നു. അതേ സമയം ജനങ്ങൾക്കിടയിൽ ദാരിദ്ര്യവും നിരക്ഷരതയും പെരുകുകയും ചെയ്യുന്നു.

പ്രഫസർ കോവൂരിനു് ഈ പ്രതിഭാസത്തെപ്പററി എന്താണാവോ

പറയാനുണ്ടായിരുന്നതു്? അന്ധകാരത്തെ പഴിക്കുന്നതിനേക്കാൾ പ്രയോജനകരം ഒരു കൈത്തിരിയെങ്കിലും കത്തിച്ചു് കെടാതെ നിറുത്തുകയാണെന്നു് ഒരുപക്ഷേ, അദ്ദേഹം കരുതിയിട്ടുണ്ടാവാം.

1959 ൽ അദ്ദേഹവുമായി പരിചയപ്പെട്ടതിനു ശേഷം, അദ്ദേഹത്തിന്റെ ചിന്തകളും പ്രവർത്തനങ്ങളും കേരളീയർക്കു പരിചയപ്പെടുത്തുന്നതിനു്, ഒരു എളിയ പത്രപ്രവർത്തകനെന്ന നിലയിൽ എനിക്കു ലഭ്യമായിരുന്ന സൗകര്യങ്ങൾ ഞാൻ തികച്ചും ഉപയോഗപ്പെടുത്തി. ഇതു നിമിത്തം പ്രഫസർ കോവൂരുമായുള്ള എന്റെ സമ്പർക്കം തുടർന്നുവന്നു. പത്തു വർഷം കഴിഞ്ഞു് 1969 ജൂലായിൽ കേരളം സന്ദർശിച്ചപ്പോൾ പ്രഫസർ കോവൂരും പത്നിയും തിരുവനന്തപുരത്തു് ജവാഹർ നഗറിൽ ഞാൻ പാർത്തിരുന്ന വാടകവീട്ടിൽ അതിഥികളായി വന്നു. അന്നു് കേരള സർവകലാശാലയുടെ വൈസ് ചാൻസലറായിരുന്ന ഡോ. അയ്യപ്പൻ, ഔദ്യോഗിക ഭാഷാ കമ്മീഷൻ ചെയർമാനും കേരളത്തിലെ യുക്തിവാദിസംഘാദ്ധ്യക്ഷനുമായിരുന്ന ശ്രീ എം. പ്രഭ, ശ്രീ പവനൻ എന്നിവർക്കും കോവൂർ ദമ്പതികൾക്കും ഉച്ചഭക്ഷണം നല്കുന്നതിനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ടായി.

കോവൂരിന്റെ എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കുക മാത്രമല്ല, അദ്ദേഹത്തിന്റെ ജീവിതത്തിൽ സ്വന്തം ജീവിതം വിലയിപ്പിക്കുകകൂടി ചെയ്ത ശ്രീമതി കുഞ്ഞമ്മ കോവൂർ, രണ്ടു വർഷം മുമ്പു നിര്യാതയായി. ഇപ്പോഴിതാ പ്രഫസർ കോവൂരും ഐഹികജീവിതം അവസാനിപ്പിച്ചിരിക്കുന്നു.

'മനുഷ്യൻ മരിക്കുമ്പോൾ അവന്റെ പ്രാണവായു അനശ്വരമായ പ്രപഞ്ചവായുവിൽ വിലയിക്കുന്നു. പിന്നീടു ശരീരം ഭസ്മമായിത്തീരുന്നു. ചിന്തിക്കുന്നവരേ, മരിച്ചുപോയ വ്യക്തി ചെയ്ത കാര്യങ്ങളെപ്പററി മാത്രം മേലാൽ ഓർമിക്കുക.' എന്ന അർത്ഥത്തിലുള്ള ഉപനിഷദ്പദ്യമാണു് അദ്ദേഹത്തിന്റെ മരണവാർത്ത പത്രത്തിൽ വായിച്ചപ്പോൾ എന്റെ ഓർമയിൽ നിറഞ്ഞുനിന്നതു്.

21 സെപ്തംബർ, 1978

# 78. പി. കുഞ്ഞിരാമൻനായർ

'നമ്മുടെ കുഞ്ഞിരാമൻനായർ മരിച്ചിരിക്കുന്നു' എന്നു് ഈ മെയ്മാസം 26-ാം തീയതി രാത്രി ഏതാണ്ടു മൂന്നുമണിക്കു് ഉറക്കത്തിൽനിന്നു വിളിച്ചുണർത്തി ടെലിഫോണിലൂടെ ശ്രീ പി. ആർ. വാരിയർ ('മാതൃഭൂമി'യുടെ തിരുവനന്തപുരം ലേഖകൻ) അറിയിച്ചപ്പോൾ, ഒരുപക്ഷേ, ഞാൻ സ്വപ്നം കാണുകയാവാമെന്ന വിചാരമാണു് പെട്ടെന്നു് എനിക്കുണ്ടായതു്. കുഞ്ഞിരാമൻനായർ മരിക്കുകയോ? ജുബ്ബയുടെ മീതെ മുണ്ടു മടക്കിക്കുത്തി, പല്ലില്ലാത്ത വായിൽ എന്തോ ചവച്ചുകൊണ്ടു് ജനനിബിഡമായ തിരുവനന്തപുരത്തെ പുളിമൂട്ടു് ജംഗ്ഷനിൽ തലയുയർത്തി ചുററും നോക്കിനില്ക്കുന്ന കുഞ്ഞിരാമൻനായരെ തലേന്നു വൈകുന്നേരം ഞാൻ കണ്ടതാണല്ലോ!

അവസാനത്തെ കാഴ്ച അതായിരുന്നു, ആദ്യത്തെ കാഴ്ചയോ? മുപ്പത്തഞ്ചോ മുപ്പത്താറോ കൊല്ലം മുമ്പായിരിക്കണം. കോഴിക്കോട്ടുവെച്ചാണു് ഞാനദ്ദേഹത്തെ ഒന്നാമതായി കണ്ടതു്. തന്റെ ഒരു കവിതാസമാഹാരത്തിന്റെ—'പ്രേമ പൗർണമി'യുടെയോ മററോ ആയിരിക്കണം—ഏതാനും പ്രതികൾ പൊതിഞ്ഞു കക്ഷത്തിൽവെച്ചു് അദ്ദേഹം നടന്നുവരുന്നു.